ഹദീസ്

# മുന്നൊരുക്കം റജബിലും ശഅ്ബാനിലും

عَن أَنس بن مَالِك رَضِي اللَّهُ عَنهُ قَالَ: كَانَ النَّبِيُّ ﷺ: إِذَا دَخل رَجَبٌ،
قَالَ : اللَّهُمَّ بَارِكْ لَنَا فِي رَجَبٍ وَشَعْبَانَ ، وَبَلِّغْنَا رَمَضَانَ

**അനസുബ്നു മാലികി(റ)ൽനിന്ന്: റജബ് മാസം വന്നെത്തിയാൽ പ്രവാചകൻ(സ) ഇപ്രകാരം പ്രാർഥിക്കാറുണ്ടായിരുന്നു: "അല്ലാഹുവേ, റജബിലും ശഅ്ബാനിലും നീ ഞങ്ങളെ അനുഗ്രഹിക്കേണമേ. റമദാനിലേക്ക് ഞങ്ങളുടെ ആയുസ്സ് നീ നീട്ടിത്തരികയും ചെയ്യേണമേ ***

**വിശുദ്ധ** മാസത്തെ വരവേൽക്കുന്നതിന്റെ മുന്നോടിയായി നബി(സ) നടത്താറുണ്ടായിരുന്ന ഹൃദയസ്പർശിയായ പ്രാർഥനയാണിത്. റമദാൻ അല്ലാഹു അവന്റെ ദാസന്മാർക്കായി പ്രത്യേകം തെരഞ്ഞെടുത്തുതന്ന അനുഗൃഹീത മാസമാണ്. സർവൈശ്വര്യങ്ങളുമായി വിണ്ണിൽനിന്ന് മണ്ണിലേക്കിറങ്ങിവരുന്ന വിശിഷ്ടാതിഥി. അതിഥിയെ മാന്യമായി സൽകരിക്കുകയും സ്വീകരിക്കുകയും ചെയ്യൽ വിശ്വാസിയുടെ ബാധ്യതയാണ്. മുന്നൊരുക്കങ്ങളും തയ്യാറെടുപ്പുകളും അതിന് അനിവാര്യമാണ്. ഇക്കാര്യത്തിൽ പ്രവാചകൻ(സ) സ്വയം പുലർത്താറുണ്ടായിരുന്ന ജാഗ്രതയിലേക്ക് വിരൽചൂണ്ടുന്നതാണ് മേലുദ്ധരിച്ച വചനം.

ഐഹികകാര്യങ്ങളിൽ മനുഷ്യൻ മുൻകൂട്ടി തയ്യാറെടുപ്പുകൾ നടത്താറുണ്ട്. പരീക്ഷക്കൊരുങ്ങുന്ന വിദ്യാർഥി പാഠഭാഗങ്ങൾ ആവർത്തിച്ചുറപ്പിച്ചും സംശയങ്ങൾ ദൂരീകരിച്ചും തയാറെടുപ്പുകൾ നടത്തുന്നു. കർഷകർ വയലിൽ വിത്ത് പാകുന്നതിന് മുമ്പായി നിലം ഉഴുതുമറിക്കുകയും മണ്ണിനെ പാകപ്പെടുത്തുകയും ചെയ്യുന്നു. മുന്നൊരുക്കവും ആസൂത്രണവുമില്ലാതെ ഗൗരവതരമായ ഒരു വിഷയത്തെയും ഒരാളും സമീപിക്കാറില്ല. മനുഷ്യന്റെ അന്ത്യ ഭാഗധേയവുമായി തട്ടിച്ചുനോക്കുമ്പോൾ ഏറെ നിസ്സാരമായ ഐഹിക കാര്യങ്ങളിൽ ഇതാണ് സ്ഥിതിയെങ്കിൽ പാരത്രിക ജീവിതവുമായി ബന്ധപ്പെട്ട ദീനീ വിഷയങ്ങളിൽ എത്രമാത്രം ശ്രദ്ധയും സൂക്ഷ്മതയും ആവശ്യമാണ്! യഹ്യബ്നു മുആദ്(റ) പറയുന്നു: "ജനങ്ങൾ ദാരിദ്ര്യം ഭയപ്പെട്ട് ഐഹിക കാര്യങ്ങളിൽ കാണിക്കുന്ന ശ്രദ്ധയും ജാഗ്രതയും നരകം ഭയന്ന് ദീനീ വിഷയങ്ങളിൽ കാണിച്ചിരുന്നെങ്കിൽ അവരെല്ലാം ദൈവശിക്ഷയിൽനിന്ന് രക്ഷപ്പെട്ടേനെ." (ഇഹ്യാ ഉലൂമിദ്ദീൻ 4/162) ഇക്കാരണത്താൽ നബി(സ) ഓർമിപ്പിക്കാറുണ്ടായിരുന്നു: "ജനങ്ങളേ, നിങ്ങൾ റമദാനിനെ യഥാവിധി പരിഗണിക്കുക. എന്തുകൊണ്ടെന്നാൽ തീർച്ചയായും അത് അല്ലാഹുവിന്റെ മാസമത്രെ." (ത്വബ്റാനി, ബൈഹഖി)

റമദാൻ വന്നെത്തുന്നതിന്റെ രണ്ടു മാസം മുമ്പ് തന്നെ പ്രവാചകന്റെ വാക്കുകളിലും പ്രവർത്ത

നങ്ങളിലും മാറ്റങ്ങൾ കണ്ടുതുടങ്ങുമായിരുന്നു. റജബ് മാസം വന്നാൽ അവിടുന്ന് അല്ലാഹുവിലേക്ക് കൂടുതൽ അടുക്കുകയും പ്രാർഥനകളിലും ദൈവകീർത്തനങ്ങളിലും കൂടുതൽ സമയം ചെലവഴിക്കുകയും ചെയ്യും. മറ്റു സന്ദർഭങ്ങളിലുള്ളതിനേക്കാൾ ആരാധനാ കർമങ്ങളിൽ ആ മാസം അവിടുന്ന് കൂടുതൽ നിഷ്ഠ പുലർത്തും. ശഅ്ബാൻ ആഗതമായാൽ പിന്നെയും മാറ്റങ്ങളുണ്ടാവും. നമസ്കാരവും പ്രാർഥനയും ദാനധർമങ്ങളുമെന്നപോലെ വ്രതാനുഷ്ഠാനവും അവിടുന്ന് ധാരാളമായി അനുഷ്ഠിക്കുമായിരുന്നു ശഅ്ബാനിൽ. ആഇശ(റ) പറയുന്നു: "ശഅ്ബാനിൽ നോമ്പെടുക്കുന്നതിനേക്കാൾ കൂടുതലായി മറ്റൊരു മാസവും പ്രവാചകൻ(സ) നോമ്പെടുക്കുന്നത് ഞാൻ കണ്ടിട്ടില്ല" (ബുഖാരി, മുസ്‌ലിം). അനസ്(റ) പറയുന്നു: "ശഅ്ബാനിലെ നോമ്പുകളായിരുന്നു ഐഛിക വ്രതങ്ങളുടെ കൂട്ടത്തിൽ പ്രവാചകന് ഏറ്റവും പ്രിയങ്കരം" (അഹ്മദ്, ത്വബ്റാനി)

'റമദാൻ കഴിഞ്ഞാൽ പിന്നീട് ഏറ്റവും ശ്രേഷ്ഠകരമായ വ്രതമേതാണെ'ന്ന ചോദ്യത്തിന് പ്രവാചകന്റെ മറുപടി ഇപ്രകാരമായിരുന്നു: "റമദാനിനെ ആദരിക്കുന്നതിന് വേണ്ടി ശഅ്ബാനിൽ അനുഷ്ഠിക്കുന്ന നോമ്പുകൾ" (തുർമുദി, ബൈഹഖി).

റമദാനെ വരവേൽക്കാൻ ഒരുങ്ങുന്നവൻ ഓർത്തിരിക്കേണ്ട സുപ്രധാനമായ മറ്റൊരു കാര്യം അല്ലാഹുവിൽനിന്നുള്ള ഉതവിയും ഔദാര്യവുമുണ്ടെങ്കിലേ വിശുദ്ധമാസം തനിക്ക് കരഗതമാകൂ എന്നതാണ്. ആയുസ്സ് നിർണയിക്കുന്നതും തീരുമാനിക്കുന്നതും അല്ലാഹുവാണ്. വിശ്വാസി മരണഭയമില്ലാത്തവനും അല്ലാഹുവിനെ കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നവനുമാണ്. എങ്കിലും റമദാൻ പോലുള്ള അങ്ങേയറ്റം അനുഗൃഹീതമായ ഒരു മാസത്തിന്റെ കവാടം വരെ ചെന്നെത്താൻ കഴിയുകയും എന്നാൽ നിർഭാഗ്യത്താൽ അതിൽ പ്രവേശനം ലഭിക്കാതെ മരണപ്പെട്ടു പോവുകയും ചെയ്യുക എന്നത് എത്ര വലിയ നഷ്ടമാണ്! ആയതിനാൽ റമദാനിന് മുമ്പുള്ള ഓരോ ദിനരാത്രങ്ങളിലും പുണ്യമാസം വന്നെത്തുംവരെ തന്റെ ആയുസ്സ് നീട്ടിത്തരാൻ വിശ്വാസി ഹൃദയപൂർവം അല്ലാഹുവിനോട് കേണപേക്ഷിച്ചുകൊണ്ടിരിക്കണം. മുഅല്ലബ്നു ഫദ്ൽ(റ) പറയുന്നു: "പൂർവികർ റമദാനിന് മുമ്പുള്ള ആറുമാസക്കാലം അതു വന്നുകിട്ടുന്നതിനായി അല്ലാഹുവിനോട് പ്രാർഥിക്കുന്നവരായിരുന്നു. റമദാൻ വന്നെത്തിയാലാവട്ടെ പിന്നീടുള്ള ആറു മാസം റമദാനിലെ കർമങ്ങൾ സ്വീകരിക്കാൻ വേണ്ടിയും അവർ പ്രാർഥിക്കുമായിരുന്നു." (മവാരിദു ളംആൻ 1/317) ■

**ജഅ്ഫർ എളമ്പിലാക്കോട്**

jafarelkd@gmail.com

* ഇമാം ത്വബ്റാനി, ഔസത്, ബസ്സാർ തുടങ്ങിയവർ ഉദ്ധരിച്ചത്. ഹാഫിദ് ഹൈഥമി(റ) പറയുന്നു: "നിവേദക പരമ്പരയിൽ സാഇദതുബ്നു അബിർറഖാദ് എന്നൊരാളുണ്ട്. പണ്ഡിതന്മാരിൽ ചിലർ അദ്ദേഹത്തെ കുറിച്ച് ചില ആരോപണങ്ങളുന്നയിക്കുന്നുണ്ടെങ്കിലും, മറ്റു ചിലർ അദ്ദേഹം വിശ്വസ്തനാണെന്ന് സാക്ഷ്യപ്പെടുത്തുന്നു." (മജ്മഉസ്സവാഇദ്- വാ. 3 പേ. 140)